പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2150 | 06/02/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യസുരക്ഷാ ലൈസൻസ് ഇല്ലാത്ത ഹോട്ടലുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കഴക്കൂട്ടം പ്രദേശത്ത് അടുത്ത കാലത്ത് ജനങ്ങൾക്ക് ഭക്ഷ്യവിഷബാധയേറ്റത് സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. കഴക്കൂട്ടം പ്രദേശം കേന്ദ്രീകരിച്ച് പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തുകയും കണ്ടെത്തിയ ന്യൂനതകൾ അടിയന്തിരമായി പരിഹരിക്കാൻ നോട്ടീസ് നൽകുകയുമുണ്ടായി. 28 പരിശോധനകൾ നടത്തിയിട്ടുണ്ട്. 13 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും പിഴയായി 35,000/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്ഥലത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ അടച്ചുപൂട്ടാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |
| സി) | കഴക്കൂട്ടം-കുളത്തൂർ റോഡിൽ സെൻറ് ജോസഫ് പള്ളിക്ക് സമീപം ടി.സി. നമ്പർ 2/1099 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റമ്മൂസ് ദേ കോഴിക്കോട് എന്ന ഭക്ഷണശാല ഭക്ഷ്യസുരക്ഷാ ലൈസൻസോ കോർപ്പറേഷൻ | സി) | 'രാമൂസ് ദേ കോഴിക്കോടൻ' എന്ന പേരിൽ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ ഭക്ഷ്യ സുരക്ഷാ സ്പെഷ്യൽ സ്ക്വാഡ് 18.12.2018-ൽ പരിശോധിക്കുകയും കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തു.<br>എന്നാൽ 21.12.2018-ൽ ബഹു.ഹൈക്കോടതിയിൽ തിരുവനന്തപുരം ഭക്ഷ്യ സുരക്ഷാ അസി |

| | | | |
|---|---|---|---|
| | ലൈസൻസോ ബിൽഡിംഗ് ഉടമയുടെ അനുമതിയോ ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് 07/01/2019-ന് സിറിൽ ഫെർണാണ്ടസ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ; | | സ്റ്റന്റ് കമ്മീഷണറേയും കഴക്കൂട്ടം ഭക്ഷ്യസുരക്ഷാ ഓഫീസറെയും എതിർകക്ഷികളാക്കി WPC 42333/2018 എന്ന റിട്ട് പെറ്റീഷൻ ഇപ്പോൾ ഹോട്ടൽ നടത്തുന്ന ശ്രീ. മധു ഫയൽ ചെയ്തിട്ടുണ്ട്. ടിയാന്റെ ബിസിനസ്സ് തടസ്സപ്പെടുത്തരുതെന്നും ഒഴിപ്പിക്കരുതെന്നും ബഹു. തിരുവനന്തപുരം മുൻസിഫ് കോടതിയുടെ (OS-1440/2018) ഇൻജക്ഷൻ ഓർഡർ നിലവിലുണ്ട്. |
| ഡി) | പരാതി ലഭിച്ചതിനുശേഷം പ്രസ്തുത ഭക്ഷണശാലയ്ക്ക് കെട്ടിട ഉടമയുടെ അംഗീകാരമില്ലാതെ ഭക്ഷ്യസുരക്ഷ വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ; | ഡി) | 2018-19 ലെ കോർപ്പറേഷൻ ലൈസൻസ് ഹാജരാക്കാത്തതിനാൽ ഭക്ഷ്യസുരക്ഷാ ലൈസൻസ് നൽകിയിട്ടില്ല. |
| ഇ) | പ്രസ്തുത ഭക്ഷണശാല ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് സഹായകമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | ഇ) | സഹായകമായ സാഹചര്യങ്ങൾ നിലവിലില്ല. മുൻസിഫ് കോടതിയുടെ ഉത്തരവും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും ഇപ്പോൾ പ്രാബല്യത്തിലുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ